**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **09-06-2021 - ൽ മറുപടിയ്ക്ക്**

**മഴവെള്ള സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ.കെ.ടി.ജലീൽ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമത്തിന് പരിഹാരമായി മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് അവലംബിക്കാനുദ്ദേശിക്കുന്നത്; | (എ) | നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികൾ ആക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങിയ അത്യാവശ്യ ജലസംരക്ഷണ പ്രവർത്തികൾ ആവശ്യാനുസരണം നടപ്പിലാക്കി വരുന്നു. കൂടാതെ ജല അതോറിറ്റിയുടെ ജല ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അത് പരിപാലിച്ചും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽക്കൂര മഴവെള്ളം പ്രയോജനപ്പെടുത്തിയുള്ള ജലസംരക്ഷണം ശാസ്ത്രീയ മാർഗം എന്ന നിലയിൽ നടപ്പാക്കുന്നതിന് ഒരു മാതൃക ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ നിലവിൽ ഉപയോഗപ്രദമല്ലാത്ത കുഴൽ കിണറുകളിൽ മഴവെള്ളം കടത്തിവിട്ട് റീചാർജ് ചെയ്ത്, ആ പ്രദേശത്തെ ഭൂജലനിരപ്പിന്റെ അളവ് മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ, ഭൂജല വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിന് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ കെ. ആർ. ഡബ്ല്യു. എസ്. എ യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഓരോ |

| | | | |
|---|---|---|---|
| | | | വർഷവും അനുവദിക്കുന്ന തുക ഉപയോഗിച്ച് മഴവെള്ള സംഭരണം ഭൂജല പരിപോഷണം മേഖലയിൽ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ മഴവെള്ള സംഭരണ ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ 2012-13 സാമ്പത്തിക വർഷം മുതൽ ജലനിധി നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ (മലയോര, തീരദേശ, പിന്നോക്ക) മുൻഗണന ക്രമത്തിൽ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് ഗുണഭോക്താക്കളെയും നിശ്ചയിക്കുന്നു . അത്തരം കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിക്കാവുന്ന മഴവെള്ള സംഭരണികൾ നിർമിച്ചു നൽകിവരുന്നു. അതുപോലെ തന്നെ വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ചു റീചാർജ് ചെയ്യുന്ന പദ്ധതിയും മഴ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തിയും പൈപ്പും ഫിൽറ്റർ സംവിധാനവും ക്രമീകരിച്ചു നേരിട്ട് കിണറുകളിലേക്കു ഒഴുക്കി വിടുന്നതു മൂലം കിണറിന്റെ ജലനിരപ്പ് ക്രമേണ ഉയർത്തുന്നതിന് സഹായകരമാകും. കൂടാതെ കിണർ റീചാർജിങ്, കിണറിന്റെ അറ്റകുറ്റപണികൾ, കിണർ സാനിറ്റൈസേഷൻ, പമ്പ് സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം നഗരത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കു ന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിനാവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആവശ്യമായ സാങ്കേതിക സഹായവും നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതം സമാഹരിച്ചു പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് വ്യക്തിഗത പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) | മഴക്കാലത്ത് അധികമായി ഒഴുകിവരുന്ന മഴവെള്ളം സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | മഴക്കാലത്ത് ലഭ്യമാകുന്ന അധിക ജലം സംഭരിക്കുന്നതിനും ഭൂജല വിതാനം ഉയർത്തുന്നതിനും സാധാരണ സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു. • അനുയോജ്യമായ സ്ഥലങ്ങളിൽ തടയണ, അടിയണ (Sub surface Dykes), VCB, കോണ്ടൂർ ബണ്ട്, മഴക്കുഴികൾ തുടങ്ങിയവ സ്ഥാപിക്കൽ . • കുഴൽ കിണറുകൾ ഉപയോഗിച്ചുള്ള |

| | | | |
|---|---|---|---|
| | | | കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ. • പുരപ്പുറ മഴവെള്ള ശേഖരണം. • ഓപ്പൺ വെൽ റീചാർജ് • കുളങ്ങളുടെയും മറ്റ് ജല സ്രോതസ്സുകളുടെയും നവീകരണവും സംരക്ഷണവും • നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ • വനവൽക്കരണം അധികമായി ഒഴുകി വരുന്ന മഴവെള്ളം സംഭരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ആനതാഴ് ചിറയും, കീഴിൽ മംഗലപുരം ചിറയും, കിളിമാനൂർ ദേവേശ്വരം ചിറയും സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ചിറകെട്ടിയിട്ടുള്ളതാണ്. കൂടാതെ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള പേപ്പാറ ഡാമും നിലവിലുണ്ട്. ഇത് കൂടാതെ ഭൂജല വകുപ്പ് മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഉപയോഗിച്ച് ജലസംപോഷണവും ചെയ്ത് വരുന്നുണ്ട്. |
| (സി) | ജലനിധി പദ്ധതിയുടെ ഭാഗമായ മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണത്തിനായി നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളും അവബോധപരിപാടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | • കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി വരുന്നു. • മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശേഖരിച്ച് വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണർ റീചാർജ് ചെയ്യുന്നതിലൂടെ കിണറുകളിലെ ജലനിരപ്പ് ഉയർത്താൻ സഹായകരമാകുന്നു. • മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് കിണർ റീചാർജ് ചെയ്യുകയും കിണറിന്റെ അറ്റകുറ്റ പണികൾ ചെയ്തു ശുചിത്വം ഉറപ്പാക്കി പമ്പ് സ്ഥാപിച്ചു നൽകുന്നു. • പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പൊതു മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി വരുന്നു. • സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ മഴവെള്ള സംഭരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. • പദ്ധതി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ